**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4258** **09-08-2021 - ൽ മറുപടിയ്ക്ക്**

**ശരണ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പ് മുഖേന വനിതകൾക്കായി നടപ്പിലാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത അശരണരായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി സ്വയം പര്യാപ്തമാകുന്നതിനും സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം പലിശരഹിത സ്വയം തൊഴിൽ വായ്പ അനുവദിച്ചു നൽകുന്ന പദ്ധതിയാണ് 'ശരണ്യ'. ഈ പദ്ധതി 24/07/10-ലെ സ.ഉ.(അച്ചടി) നം. 81/2010/തൊഴിൽ പ്രകാരം നിലവിൽ വന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യ രോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസിക രോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകൾ എന്നിവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ളത്. അർഹത - എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും, വിദ്യാർത്ഥി അല്ലാത്തതും 18 നും 55നും മദ്ധ്യേ പ്രായമുള്ളതും (അവിവാഹിതരായ സ്ത്രീകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം) കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതുമായ മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്. വായ്പ/സബ്സിഡി - ഒരു വ്യക്തിക്ക് പരമാവധി 50,000/-രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. പ്രൊജക്റ്റ് പരിശോധിച്ച്, ഒഴിച്ചുകൂടാനാകാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ ഒരു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50% പരമാവധി 25000/- രൂപ സബ്സിഡിയാണ്. 50000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% Flat rate നിരക്കിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ലരീതിയിൽ നടത്തിക്കൊണ്ട് പോകുകയും ആദ്യ വായ്പയുടെ 50% മെങ്കിലും തിരിച്ചടയ്ക്കുകയും ചെയ്യുന്നവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പാ തുകയുടെ 80%-ൽ കവിയാത്ത തുക തുടർ വായ്പയായി കുറഞ്ഞ പലിശ നിരക്കിൽ ഒരിക്കൽ മാത്രം അനുവദിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രാഥമിക പരിശോധനയ്ക്ക ശേഷം ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല സമിതിക്ക് സമർപ്പിക്കും. ജില്ലാതല സമിതി അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയും, അപേക്ഷ പരിശോധിച്ച് അവരുടെ അർഹത ഉറപ്പ് വരുത്തുകയും ചെയ്ത ശേഷം, വായ്പയ്ക്ക് ശിപാർശ ചെയ്യും. അപ്രകാരം വായ്പയ്ക്ക് ശിപാർശ ചെയ്യപ്പെട്ട അപേക്ഷകർക്ക് ഒരാഴ്ചത്തെ സംരംഭകത്വ വികസന പരിശീലനത്തിന് ശേഷമാണ് വായ്പ അനുവദിക്കുന്നത് . |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഈ പദ്ധതിയിൽ എത്ര ഉപഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുവെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ശരണ്യ പദ്ധതി പ്രകാരം 16663 ഉണഭോക്താക്കൾക്ക് സ്വയം തൊഴിൽ വായ്പ അനുവദിച്ച നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ അപേക്ഷിച്ച ശേഷം രോഗബാധിതനായി കിടപ്പിലായിരുന്ന ഭർത്താവ് മരണപ്പെട്ട പോയിട്ടും ധനസഹായം ലഭ്യമാകാത്ത അപേക്ഷകരുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | അപേക്ഷ സമർപ്പിച്ചശേഷം ശയ്യാവലംബൻ/ നിത്യരോഗിയായ ഭർത്താവ് മരണപ്പെട്ട ഒരു അപേക്ഷക കൊല്ലം ജില്ലയിൽ ഉള്ളതായി എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ അത്തരത്തിലുള്ളവർക്ക് മുൻഗണനയോടെ ധനസഹായം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | അത്തരം അപേക്ഷകർക്ക് മുൻഗണന നൽകി വായ്പ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം** [(ബി) പിരിവിലെ മറുപടിയ്ക്കുള്ളത്]

**കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ശരണ്യ പദ്ധതി പ്രകാരം വായ്പ അനുവദിച്ചതിന്റെ വിശദാംശം**

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1299 |
| 2 | കൊല്ലം | 1492 |
| 3 | പത്തനംതിട്ട | 712 |
| 4 | ആലപ്പുഴ | 1630 |
| 5 | കോട്ടയം | 973 |
| 6 | ഇടുക്കി | 989 |
| 7 | എറണാകുളം | 1381 |
| 8 | തൃശ്ശൂർ | 1462 |
| 9 | പാലക്കാട് | 1753 |
| 10 | മലപ്പുറം | 1402 |
| 11 | കോഴിക്കോട് | 1809 |
| 12 | വയനാട് | 1019 |
| 13 | കണ്ണൂർ | 423 |
| 14 | കാസറഗോഡ് | 319 |

സെക്ഷൻ ഓഫീസർ